Memories of our general classes of Dr John Elanjimannil and Sr Sbeeha SIC, when different optional groups come together were fun. A lot comes to my mind , one of it I would like to share is about Liza of mathematical optional, who was more attached to Natural Science class and came with us on class tour to Palruvi which made her class mates furious. At Palaruvi I would have choked to death as my classmates were splashing water over me by encircling me. It was Refolda who shouted to others to stop as I was breathless.

Our first Rengolsavom at Peet memorial Training College, our college tour to Trichi, Kodai and Palani all are cherished as precious stones.

On 7th December 1994, I re-entered MTTC as the teaching faculty, it was a very unique experience, becoming the colleague of ones own teachers and Principal. The only colour in the staff room as I had to my right Sr. Sbeeha, Sr. Karunya, and to my left Sr. Christy, Sr Deepa, Dr.John Elanjimannil and Varghese Sir, another person was Sr. Adarsa our librarian. The students used to addressed me as' sister Esther' as their tongues were used to address their teachers with sister in front of their names. The very next year my batch mate Dr. K.Y Benedict of Physical Science optional joined the group as Prof Mary Mathew got retired and Sr Sbeeha became the Principal.

It became my platform for professional growth. As Natural Science class teacher and general teacher for Educational Technology I loved my classes and students. The first wonder which I created in my class on first day itself was learning the names of students within the first twenty minutes. The student teacher bonding started there.

Meanwhile Dr. Giby Geevarughese and Fr. Joseph Konnath, (the present Bishop of Bethery) joined the faculty the colour to staff room was added by Giby and father in John Maxwell's words was 'A leader is one who knows the way, goes the way, and shows the way'.

The orientation course at Academic Staff college at Kariavattom was the first place where I met Dr T.P Jose who later came to MTTC from St Johns College, Anchal. A lot of seminars ,workshops, presentation of papers, research etc followed the years. Nineteen full batches of students I had. I still have contact with few of my first batch students, whom I had spent only three months.

While years went by the campus changed to a new arena, more specious the campus and class rooms became. More technological improvement took place, Syllabi changed. Principals changed faculty members both in teaching and non teaching side changed. It was under Bishop Joseph Mar Thomas, then Dr Joseph Konnath, the college underwent the first NAAC accreditation process and came out as the first B. Ed College to get A Grade. After The Bishop Sr Karunya became the principal .The second Re-accreditation process started during her period but completion was done during my one year tenure. MTTC is happy and satisfied as she was able to maintain A grade with improved score.

Every year on THEOSA day those who were able attend came to their alma mater. Theosa Voice is an echo of its members. Togetherness increased by the introduction of THEOSA tour. If I go on I can write pages but with most satisfied sentence let me conclude that seeing my own students, Dr. Maya S, Dr. Bindu B, Mr. Laji Varghese, Dr. Ancy A S, Mrs. Deepthi Elizabeth Mathew, Mrs. Salini S and Miss Anu Rachael Gogi are among the teaching faculty. I do remember with thanks all my administrative staff headed by Mr. Mathewkutty. Only with a smile and contented heart I can remember Mar Theophilus Training College which will grow further and further in the horizon of Education.

INTERVIEW

# GOLDEN MEMORIES



**Mother Rehmas SIC**
Bethany Convent
Nalanchira

**What are your views about teacher education programme?**

B.Ed is the one necessary course for teaching. if you want to become a teacher you have to have B.Ed course otherwise you are not eligible for teach in the school.

And why you should have B.Ed ie, training for teaching, how to know the students, how to mould them, as a teacher and to give them, necessary knowledge of teaching and teaching methods, when you take B.Ed have to give knowledge to them.



**When you were studying B.Ed course was a one year course, and now it is two year course what is your opinion regarding that?**

I don't know why the government made for two year may be because they understood the fact that one year not sufficient, to give the required knowledge.

**What advise would you give to the aspirants of teacher education ?**

They should take life seriously and get equiped for that in various matter in knowledge in behaviour in relationship with others. Respect for elders and get equiped for a meaningful life.

REMINISCENCES

# MY BOUNTIFUL MOTHER



**Dr. M. S. Geetha**
B.Ed Student 1980-81 batch
Former Dean,Faculty of Education University of Kerala & Former Principal,Govt College of Teacher Education,Thiruvananthapuram

*Honouring the mothers in our lives is critical*
*for it is from them we build our nations...*

By C L Heath

I have fond memories about Mar Theophilus Training college campus, Nalanchira where I received my B.Ed Degree.Yes it is my Alma mater. I spent one amazing year (1980-81) of my life in this campus. It's no wonder, then, that I'm filled with nostalgia and longing whenever I see Sarvodaya School where the training college was situated during my studies.My fondness is due to the teachers I met here, their way of teaching and their love towards the students and the lively classes they took for us. I remember with love my beloved teachers Prof.Mary Mathew, Prof. Susan Abraham, Prof. John Elanjimannil, Prof. Achamma George, Prof Stanislaus and the Principal Mootheril Achan. Reflecting on my time at the campus, one of the things that I embraced was the sport culture I received from the college. That is to say, I liked sports or attended sports with much enthusiasm. I have fond memories of being trapped in the campus until evening 6 o'clock everyday playing games like basket ball, volley ball and badminton and I still remember our Physical Education master Mr. Thomas T. George who later married to our friend

But now the campus is barely recognizable from the days when I was a student there. Gone are the basket ball and volley ball courts where I used to play with my friends. Also gone is the building where I took so many classes as a B.Ed student.Now the college has been shifted to the opposite side and has an independent big building. Almost all of the green space around the perimeter of the campus has been filled in with buildings now.

comments and opinions about the college, but the truth is whether or not these things are true, I know for sure that the college and my beloved teachers influenced me a lot. Things I wouldn’

I am more than glad that I finished my B.Ed from MTTC Nalanchira. Many people have different comments and opinions about the college but I assure that the things I got from here nobody gets anywhere but only in MTTC; Things I wouldn’t trade for anything in the world. When I was admitted as a student of MTTC ; I was welcomed into a family; a community; a place where everyone shares my laughter and tears. At first I had no affection to the college because I had no interest in teaching , but later I took the pride. Now I am happy to be a member of such a community. Now the College hopes to sustain excellence in all fields. It has succeeded in moulding the students in to best teachers and teacher educators .

I am so proud to take my B.Ed degree in 1981 from this collge. Here we were taught to be punctual; We were taught how to respect ; We were taught to pray in everything; We were taught not to be shy ; We were taught cleanliness; We were taught how to be confident; Finally we were shown how to be efficient teachers and selfless humanbeings. This college and my teachers shaped me, helped me become the woman that I am today. I still look back with great fondness at my one year here and am glad to donate what I can, when I can. It may not be too much or huge, but I feel it is important to support an institution that I hold so dear.

Let me stop, I wish a rocking 2016 to Theosa members and those who are behind the curtains to make this Annual meeting a sucess.



*Pranamam to our great Theophilites*
*Guru Vandhanam*




*Receiving Theosa Award from*
*Sri. K. O. Thomas*

ചരിത്രം



# തെയോസ @ 25

**എസ്. രാജശേഖരൻ** 1990 – 91
ഡെപ്യൂട്ടി തഹസിൽദാർ
താലൂക്ക് ആഫീസ്, തിരുവനന്തപുരം.

അറുപതിന്റെ നിറവിൽ എത്തി നിൽക്കുന്ന നമ്മുടെ സ്വന്തം മാർ തെയോഫിലസിലെ പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മക്ക് ഇരുപത്തിയഞ്ച് വയസ്സ്.

ഈ കൂട്ടായ്മയുടെ രൂപീകരണത്തിൽ നേരിട്ട് പങ്കാളിയായ ഒരാൾ എന്ന ചാരിതാർത്ഥ്യത്തോടെ ഏതാനും വരികൾ ഇവിടെ കുറിക്കട്ടെ.

പൂർവ്വ വിദ്യാർത്ഥി സംഘടന, ഞങ്ങളുടെ പഠന കാലത്തിന് മുൻപും ഈ കലാലയത്തിൽ ഉണ്ടായിരുന്നു എങ്കിലും പേരിനു മാത്രമായിരുന്നു പ്രവർത്തനം. ഈ സംഘടന ഒന്ന് പുനരുജ്ജീവിപ്പിക്കണമെന്നും സജീവമായി നിലനിർത്തിപ്പോരണമെന്നും ഞങ്ങളുടെ പ്രൻസിപ്പാളായിരുന്ന മേരി മാത്യു ടീച്ചർ അഭിപ്രായപ്പെട്ടതിനെ തുടർന്നാണ് ഇതു സംബന്ധിച്ച ചർച്ചകൾക്ക് ചൂടുപിടിച്ചത്.

ഇന്നത്തെ സർവ്വോദയ വിദ്യാലയത്തിലെ താഴത്തെ നിലയിൽ പ്രവർത്തിച്ചിരുന്ന തെയോഫിലസ് ട്രെയിനിംഗ് കോളേജിലെ ജനറൽ ക്ലാസുകൾ നടന്നിരുന്നത് സ്കൂളിലെ പടിഞ്ഞാറേ ബ്ലോക്കിലെ ഹാളിൽ വച്ചായിരുന്നു. വെറും ഒരു കൂട്ടായ്മ പോരാ എന്നും, എല്ലാ പേരുടെയും പങ്കാളിത്തം ഉണ്ടാവണമെന്നും വിദ്യാർത്ഥികളിൽ നിന്നു തന്നെ ഒരു പേര് നിർദ്ദേശിക്കപ്പെടുന്നത് ഉചിതമായിരിക്കും എന്നും എല്ലാ അധ്യാപകരും അഭിപ്രായപ്പെട്ടു. കൂടാതെ തെരഞ്ഞെടുക്കപ്പെടുന്ന പേര് നിർദ്ദേശിക്കുന്നയാൾക്ക് ഒരു സമ്മാനവും മേരി മാത്യു ടീച്ചർ വാഗ്ദാനം ചെയ്തു.

ഈ നിർദ്ദേശം എല്ലാപേർക്കും സ്വീകാര്യമായി, ഓരോ ക്ലാസ്സുകാരും സമ്മാനം തങ്ങൾക്കാവണം എന്ന വാശിയോടെ പേരുകൾക്കായി ആലോചന തുടങ്ങി. തൊട്ടടുത്ത ആഴ്ചയിലെ ജനറൽ ക്ലാസിൽ വച്ചാണ് പേര് പ്രഖ്യാപനവും സമ്മാന വിതരണവും നടക്കുന്നത്. ഞങ്ങൾക്ക് പിന്തുണയായി ഞങ്ങളുടെ സ്വന്തം അച്ചാമ്മ ടീച്ചറും ആലോചനാ യജ്ഞത്തിൽ പങ്കാളിയായി.

അടുത്ത ക്ലാസ്സിൽ പേര് പ്രഖ്യാപനത്തിനായി ജനറൽ ക്ലാസ്സിൽ ഞങ്ങൾ സമ്മേളിച്ചു. ധാരാളം പേരുകൾ നിർദ്ദേശിക്കപ്പെട്ടു. അതിൽ നിന്നും ഏതാനും പേരുകൾ ചുരുക്കപ്പട്ടികയിലും കണ്ടെത്തി. മേരി മാത്യു ടീച്ചർ അവയൊക്കെ ബോർഡിൽ രേഖപ്പെടുത്തി. പിന്നെയായിരുന്നു തെരഞ്ഞെടുപ്പ്. ചുരുക്കപ്പട്ടികയിൽ നിന്നും ഏറ്റവും കൂടുതൽ പേർ പിന്തുണയ്ക്കുന്ന പേര് പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയ്ക്ക് നൽകും. ആ പേര് എന്നെന്നേയ്ക്കുമായി നിലനിൽക്കുകയും ചെയ്യും. ശരിക്കും ജനാധിപത്യ രീതിയിൽ തന്നെയായിരുന്നു ആ പേരിടൽ കർമ്മം.  ഒരു പക്ഷേ ഈ ഇരുപത്തിയഞ്ചാം വർഷവും തുടർച്ചയായി ഞങ്ങളിൽ കുറേപേർ വന്നെത്തുന്നതുതന്നെ ഈ പേരിനോടുള്ള ഒരാത്മബന്ധം കൊണ്ടായിരിക്കാം. അങ്ങനെ ഗ്യാലപ്പ് പോളിലൂടെ കണ്ടെത്തിയ പേരായിരുന്നു 'Theosa' അഥവാ 'Theophilus Old Student's Association'. ഈ പേര് നിർദ്ദേശിച്ചത്

മറ്റാരുമായിരുന്നില്ല. ഞങ്ങളുടെ ആർട്ട്സ് ക്ലബ് സെക്രട്ടറിയും കലാകാരനും ഞങ്ങളുടെയെല്ലാം പ്രിയങ്കരനായി JP എന്ന ഓമനപ്പേരിന്റെ ഉടമയായ തൃശ്ശൂരുകാരൻ ജയപ്രകാശ്. ജനറൽ ഹാളിൽ തിങ്ങിനിറഞ്ഞ എല്ലാപേരും ഹർഷാരവത്തോടെ **'തെയോസ'** എന്ന പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പേരിനെ സ്വാഗതം ചെയ്തു.

ഗ്രൂപ്പുകൾക്കും രാഷ്ട്രീയത്തിനും അതീതമായി വ്യക്തി ബന്ധങ്ങളേയും സൗഹൃദത്തേയും കാണണമെന്ന് ഞങ്ങളെ പഠിപ്പിച്ച മേരി മാത്യു ടീച്ചറിന്റെ ഒരു മഹത്തായ നേട്ടം കൂടിയായിരുന്നു ഞങ്ങളെ എല്ലാപേരെയും പങ്കെടുപ്പിച്ച ആ പേരിടൽ കർമ്മം. തെയോസയ്ക്ക് ഇരുപത്തിയഞ്ച് തികയുമ്പോൾ, ഞങ്ങളുടെ ബാച്ചിന് അഭിമാനിക്കുവാൻ ഒത്തിരികാര്യങ്ങളുണ്ട്. അതിൽ ഏറ്റവും പ്രധാനം ഈ കലാലയത്തിന് ഞങ്ങളുടെബാച്ചിൽ നിന്ന് രണ്ട് പ്രിൻസിപ്പൽമാരെ സംഭാവന നൽകാൻ കഴിഞ്ഞു എന്നതാണ്.

തെയോഫിലസ് കോളേജ് പുതിയ മെച്ചപ്പെട്ട ക്യാമ്പസായി രൂപമാറ്റം വന്നു എങ്കിലും കഴിഞ്ഞ ഇരുപത്തിയഞ്ചു വർഷവും. ഞങ്ങളുടെ കൂടികാഴ്ചയ്ക്ക് മുടക്കം വന്നിട്ടില്ല. സമൂഹത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ജോലിനോക്കുന്ന ഞങ്ങൾ ഗൃഹാതുരത്വം ഉണർത്തുന്ന ഈ കൂടിക്കാഴ്ച്ചയ്ക്കായി വീണ്ടും ഒന്നിക്കുന്നു.



***Winners of Intercollegiate Shuttle Badminton Competition***



***Inauguration of Three day Transactional Analysis Workshop***

**THEOSA TOUR**



# CAPTAINS OF THEOSA

| YEAR | PRESIDENT | VICE PRESIDENT | SECRETARY | STAFF CO-ORDINATOR | CHIEF EDITOR |
|---|---|---|---|---|---|
| 1991-92 | Mannanthala Velayuthan Nair | - | Sri. Varghese K Cherian | Dr. Achamma George | |
| 1992-94 | Sri. K. O. Thomas | Sri. Abraham Mathew | Sri. Alex P Kaleelazhikam | Sr. Sbeeha | |
| 1995-97 | Sri. K. O. Thomas - | | Lal M Thomas | Sri. K. Y. Benedict | |
| 1998-2000 | Dr. K. Sivadasan Pillai | K. O. Thomas | Sri. K. Y. Benedict | Ms. Giby Geevarghese | Rev. Fr. Varkey Attupurathu |
| 2002-03 | Dr. K. Sivadasan Pillai | Prof. Mary Mathew | Shibukumar B. S. | Ms. Giby Geevarghese | Rev. Fr. Varkey Attupurathu |
| 2003-06 | Dr. K. Sivadasan Pillai | Prof. Mary Mathew | James Koshy | Dr. Esther Gladiz | Rajasekharan |
| 2007-09 | Dr. K. Sivadasan Pillai | Prof. Mary Mathew | Mathew M Varghese | Dr. Maya S | Suresh Babu S. R |
| 2010-13 | Prof. Mary Mathew | Prof. J. A. Thomas | Mathew M Varghese | Dr. Maya S | Sri. Binil Kumar |
| 2014-16 | Prof. Mary Mathew | Sri. Ambrose P Kunnil | Prof. Prakash G. T. | Dr. Giby Geevarghese Sri. | Sreejith P. G. |



# ഒരു തിരിഞ്ഞുനോട്ടം

**കെ. ഒ. തോമസ് കടകംപള്ളിൽ**
മുൻ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് 'THEOSA'
(റിട്ട. പ്രിൻസിപ്പൽ, സെന്റ് ജോൺസ് മോഡൽ എച്ച്. എസ്. എസ്. നാലാഞ്ചിറ)

ഒരു വ്യക്തിയുടെ ജീവിതത്തിൽ, എന്നും ഓർമ്മയിൽ സൂക്ഷിക്കുന്ന ഒന്നാണല്ലോ പൂർവ്വ വിദ്യാലയങ്ങൾ. സമൂഹത്തിൽ ഏതു നിലയിൽ എത്തുന്നതിനും പൂർവ്വ വിദ്യാർത്ഥികളും, കലാലയങ്ങളും വളരെയേറെ സഹായിച്ചിട്ടുണ്ടെന്നുള്ളത് എടുത്തു പറയേണ്ട ഒന്നുതന്നെയാണ്. അവിടുത്തെ അദ്ധ്യാപകരെയും സഹപാഠികളെയും വീണ്ടും കണ്ടുമുട്ടുന്നതിനും ആശയ വിനിമയം നടത്തുന്നതിനും സമയം കണ്ടെത്തുക എന്നുള്ളത് വളരെ വിലമതിക്കപ്പെടുന്നു.

മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജിൽ 1967–68 ൽ അദ്ധ്യയനം നടത്തിയ എന്നെ സംബന്ധിച്ചിടത്തോളം ഇന്നുവരെയുള്ള ജീവിതയാത്രയിൽ വിജയത്തിന്റെ പടികൾ ഒന്നൊന്നായി നേട്ടമുണ്ടാക്കുന്നതിന് ആ കലാലയവും ഗുരുനാഥന്മാരും വളരെ സ്വാധീനിച്ചിട്ടുണ്ടെന്ന് നിസ്സംശയം പറയാം.

1990–ൽ പ്രസ്തുത കോളേജിന്റെ മോഡൽ സ്കൂളായ സെന്റ് ജോൺസ് മോഡൽ എച്ച്. എസ്. എസിൽ പ്രഥമാദ്ധ്യാപകനായി ചുമതലയേറ്റപ്പോൾ കൂടുതൽ ബന്ധം സ്ഥാപിക്കുന്നതിനും സാധിച്ചു. അന്നുവരെ പൂർവ്വവിദ്യാർത്ഥികൾക്ക് ഒരു കൂട്ടായ്മയില്ലാത്ത സാഹചര്യത്തെപ്പറ്റി വിശദമായ ചർച്ചകൾ പലതലങ്ങളിലും നടത്തി. അന്നത്തെ പ്രിൻസിപ്പലായിരുന്ന ശ്രീമതി മേരി മാത്യു ടീച്ചറിന്റെ പ്രത്യേക താത്പര്യപ്രകാരം രൂപീകരിക്കപ്പെട്ട മാർ തെയോഫിലസ് ട്രെയിനിംഗ് കോളേജിന്റെ "Theophilus Old Students' Association" (THEOSA) ആണ് ഇന്ന് രജതജൂബിലി ആഘോഷിക്കപ്പെടുന്ന സംഘടന. വിവിധ കാലയളവിൽ അധ്യയനം നടത്തിയ അദ്ധ്യാപക വിദ്യാർത്ഥികൾ വളരെ ഉത്സാഹത്തോടും ആവേശത്തോടും കൂടി വാർഷികാഘോഷങ്ങളിൽ പങ്കെടുത്തിരുന്നു.

പ്രഥമ പ്രസിഡന്റായി സേവനമനുഷ്ടിച്ച ശ്രീ മണ്ണന്തല വേലായുധൻ നായർ സംഘടനയ്ക്ക് ചലനാത്മകമായ നേതൃത്വം നൽകി. തുടർന്ന് 6 വർഷക്കാലം പ്രസിഡന്റായും 3 വർഷം വൈസ് പ്രസിഡന്റായും പ്രവർത്തിക്കുവാൻ കഴിഞ്ഞത് ഒരു ഭാഗ്യമായി ഞാൻ കരുതട്ടെ. ബാലാരിഷ്ടതകൾ ഏറെയുണ്ടായിരുന്ന 'THEOSA' യ്ക്ക് പ്രിൻസിപ്പലിനോടൊത്ത് വിവിധ കർമ്മപരിപാടികൾ തയ്യാറാക്കി കർമ്മപഥത്തിൽ കൊണ്ടുവരുന്നതിന് സാധിച്ചു. അഭിവന്ദ്യ ആർച്ച് ബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെ ഉപദേശങ്ങളും മാർഗ്ഗദീപമായി നമുക്ക് ലഭിച്ചു. തുടർന്ന് അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിയും അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് കാതോലിക്കാ ബാവായും സംഘടനയുടെ പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. പ്രിൻസിപ്പൽമാരായി സേവനമനുഷ്ഠിച്ച ബഹു. സിസ്റ്റർ സ്ബീഹാ, ഇപ്പോഴത്തെ ബത്തേരി രൂപതാ മെത്രാൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് തുടങ്ങിയവർ സംഘടനയുടെ പ്രവർത്തനത്തിന് കൂടുതൽ ദിശാബോധം നൽകി. ഡോ. കെ. ശിവദാസൻപിള്ളസാറിന്റെ ദീർഘവീക്ഷണവും സംഘടനാവൈഭവവും തെയോസയ്ക്ക് കൂടുതൽ കരുത്തും ഊർജ്ജവും നൽകി.

സംഘടനയുടെ ആഭിമുഖ്യത്തിൽ വിവിധ എൻഡോവ്മെന്റുകളും സ്കോളർഷിപ്പുകളും ഏർപ്പെടുത്തി വിവിധ മേഖലകളിൽ പ്രാഗത്ഭ്യം നേടിയവരെ പ്രോത്സാഹിപ്പിച്ചുവരുന്നു. വാർഷികാഘോഷ വേളയിൽ നടത്തുന്ന കലാകായിക മത്സരങ്ങളും പരിപാടികളും അംഗങ്ങൾക്കിടയിലുള്ള ബന്ധങ്ങൾക്ക് പുതുജീവൻ നൽകുന്നു.

വിവിധ കാലയളവിൽ സേവനമനുഷ്ഠിച്ച പ്രിൻസിപ്പൽമാർ, ബഹുമാനപ്പെട്ട വൈദിക ശ്രേഷ്ഠർ സിസ്റ്റേഴ്സ് എന്നിവരെ പ്രത്യേകമായി ഓർക്കുകയും അവർ സംഘടനയുടെ ഉത്തരോത്തരമുള്ള വളർച്ചയ്ക്ക് നൽകിയ സംഭാവനകൾക്ക് നന്ദിയർപ്പിക്കുന്നു.

അത്യഭിവന്ദ്യ മോറാൻ മോർ ബസേലിയോസ് ക്ലിമ്മീസ് കാതോലിക്കാബാവായും അഭിവന്ദ്യ ഡോ. സാമുവൽ മാർ ഐറേനിയോസ് പിതാവും നൽകുന്ന ഉപദേശങ്ങൾ സംഘടനയുടെ വളർച്ചയ്ക്ക് അനുഗ്രഹാശിസുകൾ നൽകുന്നത് പ്രത്യേകം സ്മരിക്കുന്നു.

ഇപ്പോഴത്തെ പ്രിൻസിപ്പൽ ഡോ. കെ. വൈ. ബനഡിക്ട് സുധീരമായ നേതൃത്വം നൽകിക്കൊണ്ട് 'THEOSA' യുടെ പ്രവർത്തനത്തെ കർമ്മനിരതമാക്കുന്നു. സ്റ്റാഫ് കോ–ഓർഡിനേറ്റർ ഡോ. ജിബി ഗീവർഗ്ഗീസ് നൽകുന്ന നേതൃത്വത്തിന് നന്ദിയർപ്പിക്കുന്നു. രജതജൂബിലിയുടെ ആഘോഷങ്ങൾക്ക് എല്ലാ വിജയങ്ങളും ആശംസിക്കുന്നു.

## MOZHIMUTHUKAL



Leelamma Koshy (1956-57)

മാർ തെയോഫിലസിലെ പൂർവ്വ വിദ്യാർത്ഥിയാണ് എന്നത് എന്നും എന്നിൽ അഭിമാനം നിറയ്ക്കുന്ന ഒന്നാണ്. പഠന പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും പ്രാധാന്യം നൽകി വരുന്ന ഈ മാതൃ വിദ്യാലയത്തിൻ ജൂബിലിയുടെ എല്ലാ ഭാവുകങ്ങളും നേരുന്നു.



Varghese K. Cherian (1987-88)
Founder Secretary
(Principal, St. Joseph's College, Mannanam)

ഈ വിദ്യാലയത്തിലെ പഠനാന്തരീക്ഷവും ആത്മീയതയും അധ്യാപകരുടെ പ്രോത്സാഹനവും വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്ന ഏടകങ്ങളാണ്. സമൂഹത്തിന്റെ നാനാതുറകളിലേക്ക് വെളിച്ചം പകരുന്ന നല്ല അധ്യാപകരെയും നല്ല മനുഷ്യരെയും സൃഷ്ടിക്കുന്ന എന്റെ മാതൃ വിദ്യാലയത്തിന് മംഗളാശംസകൾ.............. പ്രാർത്ഥനകൾ.........................



Fr. Varkey Attupurathu
Founder Chief Editor
Former Principal, St. Marys HSSS

*I am very happy to know that my almamater is celebrating its diamond Jubilee and the Alumini Association Theosa is in its Silver Jubilee. In this occasion I extend my warm greetings and felicitations. I wish you all success.*

### PRAYERFUL JUBILEE WISHES



**Fr. C. C. John**
**Principal,**
**St. Mary's HSSS**

### *Hats off....*



**Dr. Bindu B.**
**Awarded Ph.D in Education under the guidance of H. E Most Rev. Dr. Joseph Mar Thomas**



**Dr. Maya S.**
**Submitted Minor Research Project and Published a Book on Peace Education**

അനുഭവ കുറിപ്പുകൾ

# ഒരു നെയ്യാറ്റിൻകര കഥ



**ഷിബു ആറാലുംമൂട്** (1990 - 91)
(Finger Print Bureau, Kollam)

**കാലം : തൊണ്ണൂറുകളുടെ തുടക്കം**

ഉഡുപ്പി ഹോട്ടലിലെ മസാലദോശയ്ക്കൊപ്പം വരുന്ന ഉഴുന്നുവടപോലെ, പി. ജി. കഴിഞ്ഞാൽ ഒരു ബി. എഡ് നേടുകയെന്നത് അക്കാലത്തെ അഭ്യസ്തവിദ്യന്റെ അനിവാര്യതയായിരുന്നു. 'സെറ്റ്' എന്ന ആനമുടിയും 'നെറ്റ്' എന്ന എവറസ്റ്റുമൊക്കെ കീഴടക്കാൻ കരുത്തു പകരുന്നതാണ് 'ടി' വിഭവം.

ഇത്തരം സാധനങ്ങൾ രുചിച്ചവന് സർക്കാരാഫീസിലെ ചുവപ്പുനാടയഴിച്ചുകെട്ടൽ ഒരുതരം ജയിൽചപ്പാത്തിയാണ്. എങ്കിലും ഒരു ശരാശരി നെയ്യാറ്റിൻകരക്കാരൻ ഈ ചപ്പാത്തി ദിവസവും കിട്ടുമെന്നുറപ്പുവരുത്താൻ ആഗ്രഹിക്കുന്നു. റബ്ബർപാൽ കുടിച്ചുവളരുന്ന, കൊക്കോ, കാപ്പിക്കുരു, കുരുമുളക്, ഏലം എന്നിവ കൊറിച്ചും വാസനിച്ചും ആസ്വദിക്കുന്ന ഭാഗ്യക്കുട്ടികളാണ് മദ്ധ്യതിരുവിതാംകൂറിൽ വാഴുന്നതെന്നാണ് തെക്കൻ തിരുവിതാംകൂർ 'അസൂയ' തെക്കൻതിരുവിതാംകൂറിലെ നെയ്യാറ്റിൻകരക്കാർക്ക് നാരങ്ങാവെള്ളം 'ബോഞ്ചി' യാണെന്നപോലെ കപ്പ 'മരിച്ചീനി' യുമാകുന്നു. ഇതും, മണ്ഡരിപിടിച്ച തെങ്ങിൽ നിന്ന് ബദാംകുരു വലിപ്പത്തിൽ അടർന്നു വീഴുന്ന ..'ങ്ങ' യെന്നു വിളിക്കാൻ മാത്രമുള്ള തേങ്ങയുമാണ് നെയ്യാറ്റിൻകരക്കാരന്റെ പുരയിടവരുമാനം. ടി സമ്പത്തിനെ മാത്രം നമ്പിയാൽ കൊമ്പുകുത്തിപ്പോകുമെന്ന തിരിച്ചറിവാണ് നെയ്യാറ്റിൻകര യുവത്വത്തെ 'ശ്രീപത്മനാഭ ചക്രം' എന്ന ജയിൽ ചപ്പാത്തിക്കൊതിയന്മാരാക്കുന്നത്. ഈയുള്ളവനും നെയ്യാറ്റിൻകരക്കാരനാകുന്നു.

ആദ്യ പരീക്ഷക്കുറി വന്നെത്തി. പരീക്ഷയെഴുതണം. പി. എസ്. സി. പരീക്ഷയെഴുതാൻ ഫോട്ടോകൂടെകൊണ്ടുപോകണമെന്ന അറിവ് വഴിമദ്ധ്യേ കിട്ടി. തിരികെ വീട്ടിലേക്ക്. ഭാഗ്യം! മേശയ്ക്കുള്ളിൽ ഫോട്ടോയുണ്ട്. തിരികെ പള്ളിക്കൂടത്തിലേക്ക്. ഇന്നത്തെപ്പോലെ നാലു വെളുത്ത മൊട്ടകളിലൊന്നിനെ കറുത്തമൊട്ടയാക്കിയാൽപ്പോര. തകർത്തുതന്നെയെഴുതണം.

തകർത്തെഴുതി. പെരുമൺ കായലിൽ തീവണ്ടിമറിഞ്ഞ കാലമായതിനാൽ 'ടൊർണാഡോ' യെക്കുറിച്ചും ചോദ്യമുണ്ടായിരുന്നു.

വായിച്ച നോവലിനെക്കുറിച്ച് പരത്തുവാനാണ് കലാശക്കൊട്ടായി പറഞ്ഞിട്ടുള്ളത്. പൊറ്റെക്കാടിന്റെ 'ഒരു ദേശത്തിന്റെ കഥ'യ്ക്ക് ജ്ഞാനപീഠം കിട്ടിയ കാലമാണ്. അതിനെത്തന്നെ ഭംഗിയായി പോസ്റ്റുമോർട്ടം നടത്തി ഡിസക്ഷൻ ടേബിളിൽ കിടത്തി പുറത്തിറങ്ങി. ആദ്യശ്രമമാണല്ലോ.. പരീക്ഷയുടെ ഹാങ്ങ് ഓവർ ഒരു ദിവസമേ നീണ്ടുനിന്നുള്ളൂ.

നെയ്യാറ്റിൻകരപ്പിള്ളേരെ ആൽഗയും, ലൈക്കണും, ബാക്ടീരിയയും പഠിപ്പിച്ചു സാറായി തുടരവെ അതു സംഭവിച്ചു! ബി. എഡ്. കോഴ്സിന് അപേക്ഷ ക്ഷണിച്ചു. ഉഴുന്നുവടയില്ലാതെന്തു മസാലദോശ! അപേക്ഷ സർവ്വോദയ വിദ്യാലയത്തിന്റെ താഴത്തെ നിലയിലുള്ള ബി. എഡ്. ട്രെയിനിംഗ് കോളേജിനുമുന്നിലെ പെട്ടിയിൽ ഇട്ടു.

നാലാഞ്ചിറ നിന്നും മടങ്ങുമ്പോഴാണ് പി. എസ്. സി. റാങ്ക് ലിസ്റ്റ് ഇട്ടിട്ടുണ്ടെന്നറിഞ്ഞത്. പട്ടത്തുചാടിയിറങ്ങി. ആദ്യം സപ്ലിമെന്ററി ലിസ്റ്റിലാണ് കണ്ണോടിച്ചത്. പരിചയക്കാരുടെ പേരുണ്ട്. എന്നെ കാണാനില്ല. ഛായ്! ലജ്ജാവഹം! നാണക്കേടുതോന്നി ആദ്യം. പിന്നെ നോർമലായി. ആദ്യ ശ്രമം തന്നല്ലോ.. പെട്ടെന്ന് റോബർട്ട് ബ്രൂസിന്റെ ഫാനായിമാറി ഞാൻ. മെയിൻ ലിസ്റ്റിലെ ഭാഗ്യവാന്മാരെ നോക്കി. ഒന്നാം റാങ്കുകാരനെ വിരൽതൊട്ടഭിനന്ദിച്ചു. വിരൽ താഴേക്ക് നീങ്ങി.. പെട്ടെന്ന് അതാ എന്റെ പേര്! ഒരു നിമിഷം... 'കിലുക്ക' ത്തിലെ കിട്ടുണ്ണിയായി ഞാൻ.

ബസ്സിലിരിക്കുമ്പോൾ വീണ്ടും നോർമലായി. ബി.എഡ്. എന്റെ ആഗ്രഹമാണ്. ജോലിയും ആഗ്രഹിക്കുന്നുണ്ട്. ഇപ്പോഴത്തെ അവസ്ഥയിൽ രണ്ടോ മൂന്നോ മാസത്തിനുള്ളിൽ അഡ്വൈസ് മെമ്മോവരും. ബി. എഡ് കോഴ്സിന് അഡ്മിഷൻ കിട്ടാതിരിക്കാൻ കാരണമൊന്നും കാണുന്നില്ല. കക്ഷത്തിലുള്ളതു കളയാതെ ഉത്തരത്തിലെ പാത്രത്തിൽ നിന്നാണ് ഉഴുന്നുവടയെടുക്കേണ്ടത്. ശരിയായ പ്രതിസന്ധി... 'Approach - Approach Conflict' എന്നൊക്കെ ജോൺസാർ പിന്നീട് പഠിപ്പിച്ച സംഗതി.

ഏതായാലും കഥ ശുഭപര്യവസായി ആയി. അഡ്വൈസ്മെമ്മോ കിട്ടാൻ ഒരുവർഷമെടുത്തു. ബി. എഡ് പരീക്ഷ തുടങ്ങും മുമ്പേ ഞാൻ ജോലിക്കു ചേർന്നു. പാടുപെട്ടിട്ടാണെങ്കിലും അടുത്ത ദിവസം ലീവനുവദിച്ചുകിട്ടി. പരീക്ഷയെഴുതി... കഥ ഇവിടെ തീരേണ്ടതാണ്. പക്ഷേ, ഫ്ളാഷ്ബാക്കിൽത്തന്നെ കഥ തീരുമോ...?

അദ്ധ്യാപകനാകാൻ പരിശീലനമേകുന്ന ബി. എഡ് കോഴ്സ് എനിക്കെന്തായിരുന്നു നൽകിയത്.....?

നിറഞ്ഞ മനസ്സോടെ പറയട്ടെ...

ഈ അനുഭവത്തിലൂടെ കടന്നുപോയിരുന്നില്ലെങ്കിൽ ഇന്നെനിക്കുള്ള കുറവുകളെയൊക്കെ നിസ്സാരമാകുന്ന വലിയ കുറവുകൾ എന്നിലുണ്ടാകുമായിരുന്നു. സഭാകമ്പമില്ലാതെ സംസാരിക്കുവാനാകില്ലായിരുന്നു. ചെറിയനോവുകളെ അവഗണിക്കാൻ പഠിക്കില്ലായിരുന്നു. കൂടുതൽ മെച്ചപ്പെട്ട ജോലിതേടി ഞാൻ നേരിട്ട ഇന്റർവ്യൂകൾ സന്തോഷകരമായ ഓർമ്മകൾ ആയി എന്നിൽ നിലനിൽക്കില്ലായിരുന്നു. കടപ്പാട് ആരോടൊക്കെയാണ്. എന്തിനോടൊക്കെയാണ്..?

സൈക്കോളജി ക്ലാസ്സിൽ ചിന്തയുടെ അമിട്ടുപൊട്ടിക്കാൻ ഒരുതീപ്പൊരി പകർന്നിട്ട് ഞാനൊന്നുമറിഞ്ഞില്ലെന്നമട്ടിൽ നിൽക്കുന്ന ജോൺസാറിനോടോ...?

ഒരു ചെറിയ പ്രശ്നത്തെച്ചൊല്ലി കുറച്ചുപേരെന്നെ തെറ്റിദ്ധരിച്ചപ്പോൾ ..."ഷിബുവിനെ എനിക്കറിയാം...ധൈര്യമായി നില്ക്കൂ.... പരീക്ഷകാര്യം മാത്രം ഇപ്പോൾ ചിന്തിക്കൂ..." എന്നു പറഞ്ഞ അച്ചാമ്മടീച്ചറോടോ...

സ്ബീഹ, കാരുണ്യ.. എന്നീ നിർമ്മല ഹൃദയങ്ങളോടോ.... മേരി മാത്യു എന്ന പ്രധാനാധ്യാപികയുടെ ഭരണപാടവത്തോടോ....

പിന്നീട് ഇതേ കലാലയത്തിൽ പ്രധാനാദ്ധ്യാപകരായ എസ്തർ, ബെനടിക്ട് എന്നിവരുൾപ്പെട്ട അന്നത്തെ വിദ്യാർത്ഥി സമൂഹത്തോടോ...

പേരുവയ്ക്കാതെ എന്നെത്തേടിയെത്തിയ ആശംസാകാർഡുകൾ എന്നിലുണ്ടാക്കിയ ഓളങ്ങളോടോ...

മുഖർശംഖും ഓടക്കുഴലുമായി നടക്കുന്ന ജെ. പി. എന്ന ജയപ്രകാശാണ് "തിയോസ" എന്നു പൂർവ്വ വിദ്യാർത്ഥി സംഘടനയ്ക്കു പേരിട്ടത്. ഒരു കവർ മുട്ടായി ആയിരുന്നു ജെ. പി. അതിനു നേടിയ സമ്മാനം.

ഈ വരികൾ 'തിയോസ' രൂപീകരിച്ച ബാച്ചിന്റെ അവകാശക്കുറിപ്പായി കണ്ടില്ലെങ്കിലും... അന്നുതുടങ്ങിയ സൗഹൃദം, കുടുംബസൗഹൃദകൂട്ടായ്മയായി ഇന്നും, ഇരുപത്തഞ്ചു വർഷങ്ങൾക്കു ശേഷം തുടരുന്നുവെന്ന അത്ഭുതത്തിന്മേലുള്ള അതിശയക്കുറിപ്പാണ് എന്നു കരുതാം.... തെറ്റില്ല.

ഒരു
തിരിഞ്ഞുനോട്ടം

# പ്രിയതരമായ് ഒരു തിയോസ..................



**ബിന്ദുജ** (2003-2004)
മലയാളം ബാച്ച്

ഓരോ തിയോസയും കഴിഞ്ഞ് നൊമ്പരത്തോടെ തിയോഫിലസിന്റെ പടിയിറങ്ങുമ്പോൾ അടുത്ത തിയോസയ്ക്ക് വീണ്ടും കൂടാമല്ലോ എന്ന ചിന്ത കടന്നുവരും. ആ നിമിശം പോയ ഊർജ്ജം മടങ്ങിയെത്തും. അങ്ങനെയാണ് ഇത്രയും കാലത്തെ തിയോസ എന്നിലൂടെ കടന്നുപോയത്.

എന്നാൽ 2015- ലെ തിയോസ എനിക്ക് ഏറ്റവും പ്രിയങ്കരമായി മാറി. 2003-2004 ബാച്ചിലെ മലയാളം വിദ്യാർത്ഥിനിയായിരുന്നപ്പോൾ ഞങ്ങളുടെ പ്രിൻസിപ്പാൾ കോണാത്തച്ചനായിരുന്നു. തൊട്ടടുത്ത വർഷം അദ്ദേഹം പിതാവായി സ്ഥാനാരോഹണം ചെയ്തിരുന്നു. തിയോസയ്ക്ക് വരുമ്പോഴെല്ലാം അദ്ദേഹത്തിന്റെ ഓഫീസ് മുറിയിൽ നോക്കുക എന്നത് എന്റെയൊരു ശീലമായിരുന്നു. അദ്ദേഹമവിടെ ഇല്ല എന്നറിയായമായിരുന്നെങ്കിലും കണ്ണുകൾ പിതാവിനെ തേടിക്കൊണ്ടേയിരുന്നു. ഇന്നുവരെയുള്ള എല്ലാ തിയോസകൾക്കും കൃത്യമായി പങ്കെടുക്കാറുള്ള ഒരാളായിരുന്നു ഞാൻ. ഓരോ ബാച്ചിനെയായി പരിചയപ്പെടുത്തുന്ന മുഹൂർത്തത്തിൽ എനിക്കുള്ള അവസരമെത്തിയ സന്ദർഭത്തിൽ അപ്രതീക്ഷമായൊരു അതിഥി അവിടെയെത്തി. അത് ബഹുമാന്യനായ കോണാത്ത് പിതാവായിരുന്നു. ഈ ഭാഗ്യം എനിക്കുണ്ടായതിൽ ഞാൻ ഈശ്വരനോട് നന്ദി പറഞ്ഞു.

പഠനസമയത്ത് പിതാവ് പല മാർഗ്ഗ നിർദ്ദേശങ്ങളും ഞങ്ങൾക്ക് തന്നിട്ടുണ്ട്. അവയാണ് ഇന്ന് എനിക്ക് അദ്ധ്യാപന ജീവിതത്തിന് ഊർജ്ജം നൽകുന്നത്. അദ്ദേഹത്തെ കണ്ടപ്പോൾ ആനന്ദാശ്രൂക്കളുണ്ടായിയെന്ന സത്യം ഞാൻ ഗദ്ഗദത്തോടെ തുറന്നുപറയുകയുണ്ടായി. പിതാവ് എന്നെ അനുഗ്രഹിക്കുകയും എന്റെ മകളോട് **നീയങ്ങ് വളർന്നല്ലോ** എന്ന് ചോദിക്കുകയും ചെയ്യുകയുണ്ടായി.

ഇനിയുള്ള തിയോസ നാളുകളിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്താൽ സൗഭാഗ്യം അനുഭവിക്കാൻ ഈ കലാലയത്തിനും ഒപ്പം എനിക്കും കഴിയണമേയെന്ന് പ്രാർത്ഥിക്കുന്നു.



ESSAY



## HIGHER EDUCATION - PROBLEMS AND REMEDIES

**Kaveya .P** (Thoesa Award Winner)
Social Science 2014 - 15

God saw all that He had made, and it was very good. And there was evening, and there was morning. He made Adam in the likeness of God. He was made asleep then, created Eve; They had their son in his own likeness, in his own image, Seth. They enjoyed everything given by the God.

The word Homo, the name of the biological genus to which human belong, is Latin for “Human”. Darwin’s Theory provides great evidence for the evolution of mankind. Human evalution is characterised by a number of morphological, developmental, physiological and behavioural changes.

The systematic provision of learning techniques use to must children, such as literacy has leen a development of the last 150 or 200 years. Starting in about 3500 B.C., various writing system developed in ancient civilisation around the world. Education, derived from the Latin word ‘Educere’ which means to ‘draw out’ was not a felt need for human beings. But in Ancient India, during the Veda period from about 1500 B. C. veda system occured.

The veda system was enriched with great ritual and religious valuesand it began from 1500-500 BC. It was the period in Indian history during which the vedas, the oldest scriptures of Hindusim, were composed. Around the begining of the common Era, the vedic tradition formed one of the main constituents of the so-called ‘Hindu Synthesis’. By the 6 th century BCE, the political units consolidated into large kingdoms called Mahajanapadas. Then there was the upcoming of the Budhist System of education, where the main aim of human ife was ‘Nirvana’ Drastic changes took place during the decades. The Gurukula’s where the traditional Hindu Residential schools of learning which were typically in the teacher’s house or a monastery. Salai, Sabha mutt, Yogam at were the system of Education in Ancient Kerala.

The English system of Education started with the entry of the Britishers. Intially they were interest in the trade pattern of the country but with the emergency of the Christian Missionaries remarkable changes in the Education System took place. Wood’s Despatch the Magna Carta of Education brought in several deep & remarkable changes in the Educational System.

Despite the existence of suitable Higher Education System Governmental Committees argue that there is increase, educated unemployment, weakening of student motivation, increasing unrest of indiscipline, frequent collapse of administration, deterioration of standards etc. Most of the recent college, lack high and research eontres.

Eventhough the record growth rate of India of around 9% there exists unemployemen, poverty and illeteracy.

While India has some institutions of global repute such as IIT & IIM, we donot have enough of them. Number of Ph.Ds produced each year is very low & those required by academic is far higher. There is inadequate and diminishing financial support for higher education from the government. Many colleges established in rural areas are non-viable. The intergration of ICT may not be able to completely overcome all challenges though it may play a role in information and resource sharing.

The Government provides massive finance for the devlopment of educational sector in India. The figures shows that GDP on education shows massive development, but still too illeteracy and unemployment prevails. The basic reasons for defects are the lack of value imbibed through Higher education.

Comming of Information Age:-

*Fast changing nature of occupations need massive technological education.*

1. Educational sector should make use of student centered education and dynamic methods.
2. Education should aim to provide need based Job oriented programmes.
3. Crose - Clutural programmes could be undertaken to improve the higher educational sector.
4. Fromulation of Action plan for improving the quality of education at higher levels.
5. Privatisation of Higher Education should be undertaken.
6. Personality Development tasks could be provided to improve the higher level of education.
7. Seipends to Research fellows could be procided to promote Ph.D works.
8. Fair Quality Assurance System could be formulated to improve the quality based Educational System.
9. Measures to increase number of universities.
10. Proper formation of Examination System.
11. Formulation of High Tech libraries

Thus after Independence, there has been tremendous increase in institutions of higher learning in all disciplines. In order to adjust suitably to the level of growth rate of 9% in India and totackle the problems of illiteracy, poverty and unemployment there is a need to improve the number of institutes. If the proposal of various committees stated above are implemented properly, it can result in the massive development of the Higher Education level and India can to become a developed Nation by 2020 & knowledge power by 2015. As the modern economy is a rapid by rapidly changing one let's aim to respect and achieve the words of Kothari Commission.

*'The destiny of a Nation is Shaped in her Classroom'.*

EXPERIENCES

## THEOPHILUS TUNES - GENERATIONS CHANT



**Neena Thomas**
B.Ed. Physical Science (2003-2004)

***If you learn to use the opportunity, you become successful.*** My meaning of the word 'successful' is totally different from the common meaning. When I use the word successful I mean to have a satisfied life. I got this definition from the Mar Theophilus Training College Campus .I came to Mar Theophilus Training College after completing seven years campus life in prestigious colleges in Kerala. But Mar Theophilus College taught me more important is to have a happy life. I joined Physical Science class mentored by Dr.K.Y.Benedict who always seeks changes. It makes us to think that everything is changing. So do not have fixed ideas otherwise you will be confused. And never copy others effort, listen and perform as our own heart. When we had strived for quality as a team, it made various remarkable changes in the existed system.

Still I am remembering the two volumes of class magazines one on socio-cultural issues and other on scientific themes which had break into our day and night activities and many films releasing Fridays. The digital library set up for optional physical science class equipped us to accept any challenge with an open mind. The annual tour for four days with all students and teachers made the campus relations more sweet and strong. An unforgettable incident in my Mar Theophilus life is the trip with management representatives, Principal Most Rev. Dr. Joseph Mar Thomas and teaching staff and SH sisters to follow the then retiring faculty Dr. Sr. Christina Augustine to her own Motherhouse at Kothamangalam. The cooperation between teachers under Most Rev. Dr. Joseph Mar Thomas made the faculty team most ideal one. Most of the teachers who taught us, walked away from the campus by making their foot prints both in the campus and hearts of their students. With thanks I am remembering all those who had ignited radiance and the faculty Dr. K. Y. Benedict, Dr. T. P. Jose and Dr. Giby Geevarghese who are still with us as our guiding lights.

When we said Good Bye to the campus in 2004, we felt we must not keep nostalgia at all. Since each among us lived each moment and remained open for the future. That campus made us capable of receiving the future. It made our doors to be opened for the opportunities, for the service and for any profession. Each of us came out as an opening. That is the mission, true vision of Mar Theophilus Training College.

# തിയോസ ടൂർ-2015

പ്രകാശ്. ജി റ്റി
ഫിസിക്കൽ സയൻസ്
2007-08

ജനുവരി 26 രാവിലെ 8.00 മണി. മകരമാസത്തിലെ മഞ്ഞിനെ പുൽകി ക്കൊണ്ട് മാർഇവാനിയേസ് വിദ്യാനഗറിന്റെ ഗേറ്റും കടന്ന് എം. റ്റി റ്റി സിയെ ലക്ഷ്യമാക്കി അവർ ഓരോരു ത്തരായി എത്തിച്ചേർന്നു. വിവിധ കാലഘട്ടങ്ങളിൽ കലാലയത്തിന്റെ പടികളിറങ്ങിയവർ മുൻകാല യാത്രകളുടെ സ്മരണകൾ അയവിറക്കാനായി എത്തി ച്ചേർന്നതാണ്. 8.30 ആയ പ്പോഴക്കും എം. റ്റി. റ്റി. സി. കലാലയത്തിന്റെ തിരുമുറ്റത്ത് ചെറിയ ചെറിയ ആൾക്കൂട്ടങ്ങൾ





രൂപപ്പെട്ടുതുടങ്ങി. ഇതിനകം തന്നെ സർവ്വോദയ സ്ക്കുളിന്റെ രണ്ട് വലിയ ബസുകളും അവിടേക്ക് വന്നെത്തി. അപ്പോൾ പെടുന്നനെ ഒരു ചോദ്യശരം ഇത്രയും പേർക്കെന്തിനാ രണ്ടു ബസ്? ചോദ്യം കേട്ടപാതി കേൾക്കാത്ത പാതി ഇപ്പോഴത്തെ ബി.എഡ് കുട്ടികൾ ആരവഘോഷത്തോടെ മറുപടിയെറിഞ്ഞു. രണ്ടു വണ്ടിയിലും കൂടി നിറയാൻ ചുള്ളന്മാർ ഞങ്ങൾ തന്നെ ധാരാളം.

അങ്ങനെ ആളും ആരവുമായി യാത്ര ആരംഭിച്ചു. മണ്ണന്തല, വഴയില, നെടുമങ്ങാട്, വിതുവ വഴി പേപ്പാറയിലേക്ക്. ആദ്യത്തെ ബസിൽ ഉത്സവത്തിന് തിരി കൊളുത്താൻ ജോജുസാറും കൂട്ടാളികളായി ബഞ്ചമിനും ടീമും. മറ്റേതിൽ കൊട്ടും പാട്ടുമായി ജിബി ടിച്ചറും സംഘവും. നെടുമങ്ങാട് കഴിഞ്ഞപ്പോഴേക്കും വിശപ്പിന്റെ ആധിക്യം വർദ്ധിച്ചിരുന്നു. ഭക്ഷണം എപ്പോൾ തരുമെന്ന് ചോദിച്ചപ്പോൾ ഇപ്പം ശരിയാക്കിതരാം എന്ന് ആരോ തൊണ്ടയനക്കി. അങ്ങനെ പത്തുമണി കഴിഞ്ഞതോടെ നമ്മൾ പേപ്പറായിൽ വണ്ടിയിറങ്ങി. പേപ്പാറ ഡാം





സൈറ്റിൽ വച്ച് തന്നെ ഭക്ഷണവിതരണം ആരംഭിച്ചു. അപ്പവും കടലക്കറിയും പ്ലേറ്റുകളിൽ വിളമ്പിയതോടെ തിയോസ കുട്ടികൾ അച്ചടക്കത്തോടെ അനുസരണയോടെ വന്നു. പ്രാതൽ കഴിച്ചു. ഇത് കുടെ വന്ന കുഞ്ഞു തലമുറയ്ക്ക് വിസ്മയ കാഴ്ചയായി. വെള്ളം വെള്ളം സർവ്വത്ര എന്ന ചൊല്ലിനെ ഓർമ്മിപ്പിക്കുന്നു പേപ്പാറ. പക്ഷേ ഭക്ഷണം കഴിഞ്ഞ് കൈകഴുകാൻ വെള്ളമില്ലാത്തതിനാൽ എല്ലാവരും ആ ജലശേഖരത്തെ മലിനപ്പെടുത്താതെ കടലാസിൽ കൈ തുടച്ച് മാതൃകകാട്ടി.





സഹ്യപർവ്വ സാനുവിൽ പ്രകൃതിയൊരുക്കിയ ജലശേഖരമായ പേപ്പറാഡാം നഗരത്തിൽ നിന്ന് ഏകദേശം 45. കി. മി. മാറി സ്ഥിതി ചെയ്യുന്നു. തിരുവനന്തപുരം നഗരത്തിന്റെ കുടിവെള്ള സ്രോതസ്സായ അരുവിക്കര പദ്ധതിയുടെ അപ്പർ ഡാമായാണ് ഇവിടെ പേപ്പാറ വിഭാവനം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം ജില്ലയിലെ ഏക ജല വൈദ്യുത പദ്ധതി കൂടിയാണിത്.





മുൻകൂർ അനുമതി നേടിയിരുന്നതിനാൽ വൈദ്യുതി നിലയത്തിനകത്ത് പ്രവേശിക്കാനും അതിന്റെ പ്രവർത്തനങ്ങൾ കണ്ട് മനസ്സിലാക്കാനും സാധിച്ചു. വൈദ്യുതി നിലയത്തിലെ ഉദ്യോഗസ്ഥർ ജനറേറ്ററിന്റെ പ്രവർത്തനം ലളിതമായി വിശദീകരിക്കുകയും ചെയ്തു.











11.30-നോട് വൈദ്യുത നിലയത്തിലെ സന്ദർശനം കഴിഞ്ഞ് കല്ലാർ മീൻമുട്ടിയിലേക്ക് വീണ്ടും ബസ് യാത്ര. ഭക്ഷണം കഴിച്ചതിന്റെ ഊർജ്ജം ആട്ടവും പാട്ടുമായി അനർഗ്ഗള നിർഗ്ഗളം അവിടെ പ്രവഹിച്ചു. ഇപ്പോൾ ബസ് പൊയ്ക്കൊണ്ടിരിക്കുന്നത് കല്ലാറിന്റ ഓരം ചേർന്നുള്ള റോഡിലൂടെയാണ്. വെള്ളത്തെക്കാൾ കൂടുതൽ കല്ലുകൾ ഉള്ള ആറിന് ആ പേര് കിട്ടിയില്ലെങ്കിലേ അത്ഭുതമുള്ളു. അങ്ങനെ ഏകദേശം 12. 30ന് ഞങ്ങൾ കല്ലാറിൽ ഏത്തിച്ചേർന്നു. അതിന്റെ തീരത്തുള്ള പാറപ്പുറത്തിരുന്ന് എല്ലാവരും ഉച്ചഭക്ഷണമായ ഫ്രൈറൈസും ചിക്കനും കഴിച്ചു. ഭക്ഷണത്തോടൊപ്പവും അതിനുശേഷവും ഒറ്റയ്ക്കും കൂട്ടായും ഫോട്ടോകൾ എടുത്തു. ശേഷം അവിടെ നിന്ന് പാസ്സും എടുത്ത് മീൻമുട്ടിയിലേക്ക്. അവിടത്തെ ജലാശയങ്ങളിലേക്ക് ഏവരും ആവേശത്തോടെ ചാടിയിറങ്ങി. പരസ്പരം വെള്ളം തെറിപ്പിച്ചും കൈകാലിട്ടടിച്ചും കാടിന്റെ സൗന്ദര്യം ആസ്വദിച്ചും പ്രകൃതിയുടെ മടിത്തട്ടിലേക്ക് ഒരമ്മയുടെ മക്കളെപ്പോലെ ഞങ്ങൾ തുള്ളിച്ചാടി. തലമുറകൽ തമ്മിലുള്ളതും പഠനകാലഘട്ടങ്ങൾ തമ്മിലുള്ളതുമായ അന്തരം ഇവിടെ മൺമറഞ്ഞു. പിന്നീട് തിയോസാ കുടുംബാംഗങ്ങൾ അവരവരുടെ അനുഭവങ്ങൾ പങ്കുവയ്ക്കു കയുണ്ടായി.. ഏകദേശം അഞ്ചുമണിയോടടുപ്പിച്ച് ഞങ്ങൾ മീൻമുട്ടിയോട് വിടപറഞ്ഞു. ഇനി അടുത്ത വിനോദതയാത്രയ്ക്ക് കണ്ടുമുട്ടാം എന്ന പതിവ് യാത്രപറച്ചിലോടെ ഏവരും തിരിച്ച് എം റ്റി റ്റി സി യിലേയ്ക്ക്.

# തെയോസ : കലാകാരൻമാരുടെയും എഴുത്തുകാരുടെയും കൂട്ടായ്മ

നാലാഞ്ചിറ മാർ തെയോഫിലസ് ട്രെയിനിങ് കോളേജിലെ പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ രജതജൂബിലി സംഗമം 'തെയോസാ ഫെസ്റ്റ് 2016' ജനുവരി ഒമ്പതിന് കോളേജ് ഓഡിറ്റോറിയത്തിൽ നടക്കുന്നതിന് മുന്നോടിയായി സംഗീത-കലാ-രചനാ മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ്വ വിദ്യാർത്ഥികളുടെ പ്രത്യേക കൂട്ടായ്മയും തിരഞ്ഞെടുപ്പും ഡിസംബർ 29-ന് രാവിലെ പതിനൊന്നിന് പട്ടം സെന്റ് മേരീസ് ക്യാമ്പസ്സിലുള്ള സമന്വയ പാസ്റ്ററൽ സെന്ററിൽ നടന്നു. ഗായകർ, കലാ-സാംസ്കാരിക പ്രവർത്തകർ, എഴുത്തുകാർ എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന പൂർവ്വവിദ്യാർത്ഥികൾ പങ്കെടുത്തു. പ്രിൻസിപ്പൽ ഡോ. കെ. വൈ. ബനഡിക്ടും, പ്രസിഡന്റ് ശ്രീ. അംബ്രോസ് , ശ്രീ. കെ. ഒ. തോമസ്, ഡോ. തെരേസ സൂസൻ എന്നിവർ സംസാരിച്ചു.



**തെയോസ മെഡിക്കൽ ക്യാമ്പ് - റ്റിംസ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിലെ ഡോക്ടർമാരായ ഡോ. ഷിനോജ്, ഡോ. ശരത് എന്നിവർ മെഡിക്കൽ ക്യാമ്പ് നയിക്കുന്നു**





# Theosa Awards

1. ***Theosa Award For the Topper*** *in University Exam - B. Ed Course, M. Ed Course*
2. ***Theosa Award For the Essay Writing*** *Competetion*
3. ***Prof. Dr. Mathew Varghese Memorial Award*** *for the best Tour Report (Instituted by old students in 2014)*
4. ***Prof. Dr. Mathew Memorial Literary Award*** *for the best talented student(Instituted by malayalam optional students (2013- 14), in 2014)*
5. ***Smt. Manjitha Memorial Award*** *for the best incoming student in malayalam optional (Instituted by the family members of Manjitha, in 2015)*
6. ***Smt. Manjitha Memorial Award*** *for the best talanted student (Instituted by malayalam optional students of 2009-10 Batch, in 2015)*
7. ***Best Science Teacher Award*** *instituted in Honour of Dr. Esther Gladiz by 1990-91 batch students, in 2015*
8. *Theosa Cash Award for the most deserving student, instituted by 1991 - 1992 batch.*

**The main Annual Activities of THEOSA are the following:**

1. THEOSA Award for topper in the University B.Ed. Examination
2. THEOSA Essay Writing Competition
3. THEOSA Fest (Every Second Saturday of November) , Now it changed to every second Saturday of January.
4. Publication of Theosa Voice
5. THEOSA Tour (January 26)
6. Felicitating Winners of State Award for Best Teachers
7. Competitions between Present and old students
8. Honouring Achievers ( UGC, SET, GATE,Ph.D. and Gold Medalists)
9. Cultural Programmes
10. Medical Camp

# ADDRESS OF THE MANAGEMENT, STAFF, STUDENTS & TEACHERS, MAR THEOPHILUS TRAINING COLLEGE,BETHANY HILLS, TRIVANDRUM - 4.

## FIRST BATCH (1956)

**His Grace The Mos Rev. Benedict Mar Gregorios, O. I. C.,** M. A., D. D.
Archbishop's House, Pattom, Trivandrum.

**Sri. T.Y. Harris M. A., L. T.,**
Bain Coumpound, Nanthengode, Trivandrum - 1

**Rev. Fr. Francis Kalacherry**
Principal,
Mar Ivanios College Bethany Hills, Trivandrum.

**Rev. Fr. George Malancharuvil, Bursar**
Mar Ivanios College, Bethany Hills, Trivandrum - 4.

**Rev. Fr. Seraphion O.I.C.**
Bethany Asramam, Nalanchira, Trivandrum - 4.

**Sr. J. Fenn, M. Sc., T. D.**
Meads Compound, Trivandrum - 1.

**Sr. O.C. Varghese, M. A. L. T.**
Olassayil House, Changanacherry.

**Miss. Mariyamma Itty Ipe,**
Ozhathil, Nagampadam, Kottayam.
or
Headmistress,
St. Anne's Girls High School, Chengannur.

**Mr. N. Gopalan Achari**
T. C. No. 344, Jagathi, Trivandrum.

**2/St V. S. Kuncheria B. A., D. P. Ed.**
Vadakara, Kidangara, Changanacherry.

**Sri Ernest Stephen M. Sc.,**
Head of the Department of Physics,
Mar Ivanios College, Bethany Hills, Trivandrum - 4.

### ADDRESS OF THE STUDENTS

**N. John**
Nellithara, Mattom, Mavelikara P.O.,

**N. J. Joseph**
Neriomparampil,ThuruthyP.O.,
Changanacherry.

**K. V. Joshua**
Kaliyanthanathu House, Vadaserikara P.O.

**Koshy Mannakuzhy**
Thadiyoor P.O., Thiruvalla.

**A. K. Mathew**
Amprayil Kudumbathu,
Neerattupuram P.O., (Via) Tiruvalla.

**P. A. Mathew**
Puthenparampil House, Edathua, (Via)
Tiruvalla.

**M. M. Simon**
Parakkadavil, Angady, Ranny.

**M. K. Thomas**
Cherukaramuttam House,
Nedumkunnam P.O., Changanacherry.

**Rev. Sr. Harold**
Carmelite Convent,
Ramapuram P.O., Palai.

**Rev. Sr. Mary Joseph**
Fransiscan Convent, Ankamali.

**Miss. N. Leela**
Thoompattu House,
Vadakke Vila P.O., Quilon.

**Mrs. Mary Mathew**
Pandialakkal House, Karthikapally.

**Miss. Sosamma Joseph**
Thekkumpurathu House,
Kizhakkanmuthoor, Kuttapuzha P.O.,
Tiruvalla.

**Rev. Sr. Mary Lucy**
Convent of the Daughters of Mary,
Nellimood, Nellikakuzhi P.O.

**M. J. Abraham**
Manjanamkuzhiyil, Chengaroor P.O.,
Mallappally West.

**N. Anandan**
Thullackalathil, Chingoli P.O.,
Karthikapalli.

**K. S. Chacko**
Kurishummooril, Market Road,
Changanacherry.

**P. M. Chacko**
Pulooppallil, Venmoni P.O., (Via)
Mavelikkara.

**T. Cherian Mathew**
Thazhaman House, Thadiyoor, Tiruvella.

**M. S. Gopalakrishnapillai**
Manalel Puthenveedu, Vanmazhi,
Pandanad P.O., Chengannur.

**Jacob Antony**
Thottasseril, Ruby Nagar P. O.,
Changanacherry.

**Jacob T. Panjikaran**
Neelimangalam, Pattanakad P.O.,
Shertallay.

**A. T. John**
Elangipuram, Vellavur, Changanacherry.

**J. Joseph Panjikaran**
Ethithara House, Shertally.

**K. A. Ninan**
Kanianthara Pothuvath,
Mepral P.O., Tiruvalla.

**K. Raghavan**
Madhavamandiram, Aikarakonam,
Punalur.

**Thomas Mathew**
Pathiseril, Karipuzha, Mavelikara.

**V. M. Thomas**
Valiaparampil House, Anaprampal N
Thalavady

**P. T. Varghese**
Palakkattupallil, Ettumanoor.

**P. Viswanathan**
T. C. No. 300, Puthenchanda, Trivandrum - 1.

**Miss. M. J. Agnes**
Manickanam Parampil House,
S. Parur, Poothotta P.O., (Via) Vaikom.

**Miss. C. V. Elizabeth**
Cherukara Muthuplacal, (Via)
Kozhencherry, Ayiroor, Thadiyur.

**Rev. Sr. Francis Chantal**
Convent of the Daughters of Mary,
Nellimood, Nellikakuzhi.

**Mrs. Leelamma Koshy**
Parottukonam Bungalow, Ulloor,
Trivandrum.

**Miss. Mariamma Varghese**
Malayil Alummoottil, Piralassery,
Mulakuzha, Chengannur.

**Miss Mary Mathai**
Nellimootil, Aswathi Vilas, Adoor
(Travancore).

**Mrs. I. Rajamma**
Punnavila Veedu, Kalliyoor,
Pallichal P.O., (Via) Nemom.

**K. M. Eapen**
Kottarathil Parampil, South Pampady,
Pampady P.O.

**Egbert Daniel**
C/o. L. A. Nessiah M. A., L. T.
Pottiar House, Agastheswaram P.O.

**George Abraham**
Kannadickel, Eattichuvadu P.O. , Rani.

**K. R. Hariharan**
Eastern Village, Kollengode, (Via) Palghat.

**Jacob D**
Koottiyaniyil, Palai.

**J. John**
Ampattukunnel, Chengaroor P.O., Tiruvalla.

**N. C. Chacko**
Vellara House, Keezhuvaipur P.O.,
Mallappally.

**J. S. Chandra**
“Uppasi” House
Edigai Street, Ambur, North Arcot.

**N. S. Devasia**
Nedumparampil, Kavalam, Pulinkunnoo.

**T. Francis Fernandez**
Sahakarana Mandirom, Vaddy, Quilon.

**George Joseph**
Parampath House, Thrikodithanam P.O,
Changanacherry.

**George Mathew**
Elanjickal, Kothamangalam.

**George V**
Attumalil Bungalow, Kalloopara P.O.,
Tiruvalla.

**K. V. Gregory**
Kanakassery House, Alwaye.

**A. M. John**
Plamoottil, Puliyoor P.O., Chengannur.

**C. T. John Chiryil**
Kuninji, Vazhithala P.O., Thodupuzha.

**P. J. John**
Kallumkal, Enanalloor, Vazhakulam P.O.

**Rev. Fr. Joseph Mannanal**
Cheppinpara Church, Mattakara P.O.

P. V. Krishnankutty Nair
Lekshmi Vilas, Thadiyoor P.O., Tiruvalla.

**E. S. Lawrence**
Paliath Lane, Pattom, Trivandrum.

**V. S. Mathew**
Pullampallil, Nellikamon P.O., Ranni.

**K. I. Mathew**
Kochuvadavana, Kunnamthanam P.O.,
Tiruvalla.

**K. V. Mathew**
Kareelamannil House, Kumplampoika P.O.,
Pathanamthitta.

**Rev. Fr. Mathew Mekkunnel**
Nagappuzha, Kumaramangalam P.O.,
(Via) Thodupuzha, C/o. Bishop's House
Tellicherry P.O., Malabar.

**T. J. Mathew**
Thottukadavil, Pacha, Edathua P.O.

**P. M. Paulose**
Thombra Kizhakakudyil, Thuruthuply,
Perumbavoor P.O., Kerala.

**Philip Nedumchira**
Eranickal House, Thuruthicadu, Tiruvalla.

**Thomas J. Chennamkara**
Chennamkara House, Edathua P.O.

**T. K. Varkey**
Vazhakulam P.O., Kerala State.

**P. T. Varghese**
Puthoor House, Thricodithanam P.O.,
Changanacherry.

**V. Varghese**
Puthen Veetil, Paliakara, Tiruvalla.

**P. V. Zachariah**
Pazhoor House, Ezhumattoor P.O., Tiruvalla.

**Miss. K. A. Aleykutty**
Moolayil House, Kalarickal, Shertally.

**Miss. V. M. Annakutty**
Vaniapura, Ramapuram P.O., Palai.

**Miss. Annamma John**
Puthan Madathil, Kottathodu, Tiruvalla.

**Rev. Sr. Ephrem**
Carmelite Convent, Ernakulam.

**Mrs. Saramma Mathew**
Kumblakkunnel, Pampakuda P.O.

**Mrs. Sosamma Thomas**
Maniparampil, Kattanam, Pallickal P.O.

**ADDRESS OF THE CLERICAL STAFF & PEON**

**P. A. Philipose** (Clerk)
Ponmelil Anakuzhikel Veedu,
Vayalathala P.O., Pathanamthitta.

**A. John** (Clerk)
Panayil Veedu, Nilamel P.O., (Via)
Kilimanoor.

**P. M. Jacob** (Peon)
Mugothkonam, Puthenveedu, Kusavarkal,
Peroorkada.



# OBITUARY



Rev. Fr. Oommen Ayyaneth



Prof. Dr. Mathew M. Varghese

*Pranamam ...... We bow our head sir*



Prof. Dr. K. Sivadasan Pillai

**ST MARYS HIGHER SECONDARY SCHOOL, PATTOM, TVM - 15.**




***With best Compliments from Principal, Staff and Students***

**LORDS JUNIOR SCHOOL, SREEKARIYAM & POWDIKONAM**



***Admission open for LKG to STD VII***
***Contact No - 0471 - 3290379,***
***9349412739***




Contact : Mrs. Swapna A.G, Founder/Director HOPE Academy,
Thycaud p.o, Thiruvananthapuram -14.

HOPE An Academy for Learning Enhancement. We deal with children having learning difficulties (ranging from Dyslexia, Dysgraphia or Dyscalculia). E-mail: hopeacademytvm@gmail.com
0471-2331194, 9446030946




*With best compliments from :* ***HARA***
PH: 0470 - 2622370
MOB: 9847138376

"JUST FEEL OUR BRILLIANCE, DO ACCEPT THE DIFFERENCE"

# CHEMISTRY

## TUITION+ENTRANCE

REGISTRATION STARTED FOR THE NEXT ACADEMIC YEAR




+1 & +2

CBSE/ ISC/ STATE

SUPPORT FOR

KEAM, AIPMT, AIIMS, JIPMER, IIT-JEE, ETC.

X[TH] CBSE & ICSE CHEMISTRY & PHYSICS

V.PRAVEENKUMAR MSc.BEd.SET
K-2 KAILAS NAGAR, NEAR
ST MARY'S SCHOOL, PATTOM

9747573300,
9747672939